File No.KFDHQ/2199/2019-ADMIN/H3

വനം വകുപ്പ് ആസ്ഥാനം
വഴുതക്കാട്, തിരുവനന്തപുരം.14
0471 – 2338491
0471 - 2529308
*email: apccf-admin.for@kerala.gov.in*

തീയതി 28/11/2019

# സർക്കുലർ

വിഷയം: വനം വകുപ്പ്– കേന്ദ്രീകൃത പദ്ധതി പ്രകാരം വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നത് – സംബന്ധിച്ച്.

സൂചന : 1. ജി.ഒ.(പി) 5706/2012/വനം തീയതി 26-12-2012

സൂചനയിലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, വനം വകുപ്പിന്റെ കീഴിലുള്ള എല്ലാ സർക്കാർ കെട്ടിടങ്ങളുടെയും (ക്വാർട്ടേഴ്സുകൾ ഒഴികെ) വൈദ്യുതി ചാർജ്ജ് കേന്ദ്രീകൃത പദ്ധതി പ്രകാരം ഈ ഓഫീസിൽ നിന്നുമാണ് എല്ലാ മാസവും വൈദ്യുതി ബോർഡിന് അടച്ചുവരുന്നത്. ഇപ്രകാരമല്ലാതെ അതാത് ഓഫീസുകളിൽ നിന്നും വൈദ്യുതി ചാർജ്ജ് അടക്കുവാൻ പാടില്ലായെന്ന വിവരം എല്ലാ DDO മാരെയും ഓഫീസ് മേധാവികളെയും ഈ ഓഫീസിൽ നിന്നും പലതവണ അറിയിച്ചിട്ടുള്ളതാണ്. എന്നാലും നിലവിൽ പല ഓഫീസുകളിൽ നിന്നും വൈദ്യുതി ചാർജ്ജ് നേരിട്ട് അടയ്ക്കുന്നതായി വൈദ്യുതി ബോർഡ് ഈ ഓഫീസിൽ അറിയിച്ചിട്ടുണ്ട്. കേന്ദ്രീകൃത പദ്ധതി പ്രകാരം ഈ ഓഫീസിൽ നിന്നും അടയ്ക്കുന്നതോടൊപ്പം മറ്റ് ഓഫീസുകളിൽ നിന്ന് കൂടി തുക അടയ്ക്കുന്നത് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതായി കാണുന്നു. അതിനാൽ മേലിൽ ഒരു ഓഫീസിൽ നിന്നും വൈദ്യുതി ചാർജ്ജ് നേരിട്ട് അടക്കുവാൻ പാടില്ലായെന്നു കർശനമായി നിർദ്ദേശിക്കുന്നു. ഈ നിർദ്ദേശം ലംഘിച്ച് ഏതെങ്കിലും ഓഫീസിൽ നിന്നും വൈദ്യുതി ചാർജ്ജ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത് ബന്ധപ്പെട്ട ഓഫീസറുടെ / DDO യുടെ ബാദ്ധ്യതയായി കണക്കാക്കി നടപടി സ്വീകരിക്കുന്നതാണ്.

താങ്കളുടെ പരിധിയിൽപ്പെട്ട ഏതെങ്കിലും ഓഫീസുകൾ / കെട്ടിടങ്ങൾ (ക്വാർട്ടേഴ്സുകൾ ഒഴികെ ) ഇനിയും കേന്ദ്രീകൃത പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ബാക്കിയുണ്ടെങ്കിൽ അത്തരം കെട്ടിടങ്ങളുടെ വിവരങ്ങളും 13 അക്ക കൺസ്യൂമർ നമ്പരും ഇലക്ട്രിക്കൽ സെക്ഷന്റെ പേരും സഹിതം ഈ

ഓഫീസിൽ അറിയിക്കേണ്ടതാണ്. നിലവിൽ കേന്ദ്രീകൃത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ വിവരം പരിശോധിക്കുന്നതിനായി കഴിഞ്ഞ മൂന്നു മാസത്തെ ബില്ലുകളുടെ പകർപ്പ് വനം വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരോ മാസം കഴിയുമ്പോഴും അവസാന മൂന്നു മാസമെന്ന ക്രമത്തിൽ ബില്ലുകൾ അപ്ഡേറ്റ് ചെയ്യുന്നതാണ്. ഇപ്രകാരമുള്ള മൂന്നു ബില്ലുകളിലും ഉൾപ്പെടാത്ത ഓഫീസുകളുടെ വിവരങ്ങൾമേൽപ്പറഞ്ഞ പ്രകാരം അടിയന്തരമായി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണമെന്ന് എല്ലാ ഓഫീസ് മേധാവികളോടും / DDO മാരോടും കർശനമായി നിർദ്ദേശിക്കുന്നു.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറെസ്റ്റ് കൺസർവേറ്റർ
(ഭരണം )

പകർപ്പ്

1. എല്ലാ DDO മാർക്കും /ഓഫീസ് മേധാവികൾക്കും
2. ഐ.ടി. വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക്, ഈ സർക്കുലറും ബില്ലുകളും വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി നൽകുന്നു.

ADDL. PRINCIPAL CHIEF CONSERVATOR OF FORESTS (ADMINISTRATION) FOREST HEAD QUARTERS THIRUVANANTHAPURAM 695 014